(ബി)

വർഷം	മുൻ നീക്കിയിരിപ്പ് അടക്കം ചെലവഴിച്ച തുക (കോടി രൂപയിൽ)
2011-12	57.844
2012-13	57.293
2013-14	121.155
2014-15	190.594
2015-16	46.531

പി.എം.ജി.എസ്.വൈ.

10 (1481) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ ഓരോ വർഷവും പി.എം.ജി.എസ്.വൈ പ്രകാരം സംസ്ഥാനത്തിന് എത്ര തുക വീതം കേന്ദ്ര ഫണ്ടായി ലഭിച്ചിട്ടുണ്ടെന്നും ഇതിൽ നിന്നും ഓരോ ജില്ലകളിലെ പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം പൂർത്തിയാക്കിയ പ്രവൃത്തികളുടെ തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ എന്നും കുടിശ്ശിക ഉണ്ടെങ്കിൽ ഏതു വർഷം മുതൽ കുടിശ്ശികയായിയെന്നും വ്യക്തമാക്കുമോ;

(സി) പി.എം.ജി.എസ്.വൈ. പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കേണ്ട കാലയളവ് എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2010 മുതൽ ഓരോ വർഷവും പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വർഷം	അനുവദിച്ച ഇക (കോടി രൂപയിൽ)
2010-11	144.270
2011-12	200.000
2012-13	0.000
2013-14	0.000
2014-15	150.000
2015-16	54.749

ഓരോ ജില്ലയിലെ പ്രവൃത്തികൾക്ക് ചെലവഴിച്ച ഇക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം പൂർത്തിയാക്കിയതും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ ഇക പൂർണ്ണമായും നൽകുവാൻ കഴിഞ്ഞിട്ടില്ല. 2015 ജൂൺ 15 മുതൽ നാളിതുവരെയുള്ള ഇക കുടിശ്ശികയായി നൽകുവാനുണ്ട്.

(സി) പി.എം.ജി.എസ്.വൈ. പ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കേണ്ട കാലയളവ് കരാർ ഉറപ്പിച്ച തീയതി മുതൽ 12 മാസമാണ്.

പി.എം.ജി.എസ്.വൈ.

11 (1482) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും ഖനാർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. എം. ജി. എസ്.വൈ. പ്രകാരം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതെല്ലാം ഘട്ടത്തിലാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly